ശമ്പള കമ്മീഷൻ

85 (3594) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്താം ശമ്പള കമ്മീഷന്റെ ഇപ്പോഴത്തെ പ്രവർത്തനം എന്താണെന്ന് വിശദീകരിക്കാമോ;

(ബി) പത്താം ശമ്പള കമ്മീഷന്റെ പ്രാഥമിക റിപ്പോർട്ടിലെ ശിപാർശ നടപ്പാക്കുന്നതിനുള്ള മന്ത്രിസഭാ ഉപസമിതി രൂപീകരിച്ചത് എന്നാണ്; പ്രസ്തുത സമിതിയുടെ നാളിതുവരെയുള്ള പ്രവർത്തനത്തിന്റെ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) പത്താം ശമ്പള പരിഷ്കരണ കമ്മീഷൻ ശമ്പള പരിഷ്കരണം സംബന്ധിച്ച അന്തിമ റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ അവസാന ഘട്ടത്തിലാണ്.

(ബി) പത്താം ശമ്പള കമ്മീഷന്റെ ശിപാർശകൾ പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി മന്ത്രിസഭാ ഉപസമിതി 13-8-2015-ലെ സ.ഉ.(കൈ) നമ്പർ 358/2015/ധന പ്രകാരം രൂപീകരിച്ചിട്ടുണ്ട്. 3-12-2015-ൽ ഉപസമിതിയുടെ ആദ്യയോഗം കൂടുകയും, പ്രസ്തുത യോഗത്തിൽ ശമ്പള പരിഷ്കരണ കമ്മീഷൻ റിപ്പോർട്ടിലെ വിശദാംശങ്ങൾ ചർച്ച ചെയ്യുകയും ചെയ്തു.

നികുതി പിരിവിന്റെ ലക്ഷ്യവും നേട്ടവും

86 (3595) ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. കെ.സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നികുതി പിരിവിന്റെ ലക്ഷ്യവും നേട്ടവും വിശദമാക്കാമോ ;

(ബി) തനതു നികുതി വരുമാനം, വില്പന നികുതി, മുദ്രപത്രങ്ങളും രജിസ്ട്രേഷൻ ഫീസും, എക്സൈസ് നികുതി, വാഹന നികുതി തുടങ്ങിയവ തന്നാണ്ടിലെ ഇതിനകമുള്ള കാലയളവിൽ ലക്ഷ്യമിട്ടതിനേക്കാൾ കുറവാണോ; ഓരോ ഇനത്തിലെയും ലക്ഷ്യം എത്ര കോടി വീതമായിരുന്നു; ആയതിന്റെ എത്ര ശതമാനം ഇക്കാലയളവിൽ ലഭിക്കുകയുണ്ടായി;

(സി) ഈ സർക്കാർ പിന്നിട്ട കാലയളവിൽ നികുതി വർദ്ധന, ഫീസ് വർദ്ധന, പെട്രോൾ - ഡീസൽ നികുതി വർദ്ധന, അധിക ചുങ്കം തുടങ്ങി ഏതെല്ലാം

LIBRARY ARCHIVES Kerala Legislative Assembly

ഇനത്തിൽ എത്ര തവണകളായി വർദ്ധനവ് വരുത്തിയിട്ടുണ്ടായിരുന്നു; ഇതൊക്കെയായിട്ടും വരുമാനം ലക്ഷ്യത്തോളമോ ആനുപാതികമായോ പോലുമോ വളരാതിരിക്കുന്നത് എന്തുകൊണ്ടാണ്; വിശദമാക്കാമോ;

(ഡി) നികുതി വരുമാനത്തിലെ കുറവും സ്തംഭനാവസ്ഥയും സംസ്ഥാനത്തെ വികസന പ്രവർത്തനങ്ങളെ താറുമാറാക്കിയിരിക്കുകയാണെന്നകാര്യം സർക്കാരിനറിയാമോ?

ഉത്തരം

(എ &ബി) നടപ്പ് സാമ്പത്തിക വർഷം 45428.03 കോടി രൂപയാണ് തനതു നികുതി വരുമാനമായി ലക്ഷ്യമിട്ടിരുന്നത്. ആയതിനാൽ 2015 ഒക്ടോബർ വരെ 21633.48 കോടി രൂപ പിരിച്ചെടുക്കാനായിട്ടുണ്ട്. വില്പന നികുതി, മുദ്രപത്രങ്ങളും രജിസ്ട്രേഷൻ ഫീസും, എക്സൈസ് നികുതി, വാഹന നികുതി തുടങ്ങിയവ ഉൾപ്പെടെ തനതു നികുതി വരുമാനമായി ലക്ഷ്യമിട്ട തുക, 2015 ഒക്ടോബർ വരെയുള്ള നികുതി വരുമാനം, ആയതിന്റെ ശതമാനക്കണക്ക് എന്നിവ അനുബന്ധം 1 ആയി ചേർക്കുന്നു.*

(സി) വകുപ്പ് തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എക്സൈസ് വകുപ്പ് വഴിയുള്ള നികുതിയിനത്തിൽ വിവിധ ഫീസുകൾ വർദ്ധിപ്പിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു.*

എക്സൈസ് വകുപ്പിന്റെ പ്രധാന വരുമാന സ്രോതസ്സ് ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിന്മേൽ ചുമത്തപ്പെടുന്ന എക്സൈസ് ഡ്യൂട്ടിയാണ്. ഈ വരുമാനം വിദേശ മദ്യവിൽപ്പനയുമായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു. നിലവിൽ മുൻവർഷങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ വളർച്ചാ നിരക്കിൽ കുറവ് വന്നിട്ടുണ്ട്.

ഈ സർക്കാരിന്റെ കാലയളവിൽ രജിസ്ട്രേഷൻ ഫീസ്, ചിട്ടിഫീസ്, സ്പെഷ്യൽ മാര്യേജ് ആക്ട് പ്രകാരമുള്ള വിവിധ സേവനങ്ങൾ, സ്റ്റാമ്പ്ഡ്യൂട്ടി തുടങ്ങിയ ഇനങ്ങളിൽ വരുത്തിയിട്ടുള്ള വർദ്ധനവ് സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം 3 ആയി ചേർക്കുന്നു.*

ഓരോ വർഷവും രജിസ്റ്റർ ചെയ്യപ്പെടുന്ന ആധാരങ്ങളുടെ എണ്ണത്തിലുണ്ടായ കുറവും, വിലയാധാരങ്ങളുടെ എണ്ണത്തിലുണ്ടായ കുറവും കൈമാറ്റം നടത്തിയ ഭൂമിയുടെ വിസ്തീർണ്ണത്തിലുണ്ടായ കുറവും, ഓരോ വർഷവും റവന്യൂ വരുമാനം കുറയാൻ കാരണമായി.

വാണിജ്യ നികുതി വകുപ്പുമായി ബന്ധപ്പെട്ട് ഏർപ്പെടുത്തിയിട്ടുള്ള നികുതി വർദ്ധന, ഫീസ് വർദ്ധന, പെട്രോൾ/ഡീസൽ നികുതി വർദ്ധന എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം 4 ആയി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

റബ്ബറിന്റെ വിലയിൽ മുൻവർഷങ്ങളിലെ വിലയുമായി താരതമ്യം ചെയ്യുമ്പോൾ ഉണ്ടായ കുറവ് ജനങ്ങളുടെ ക്രയശേഷിയെ പ്രതികൂലമായി ബാധിച്ചു മോട്ടോർ വാഹനങ്ങളിൽ നിന്നുള്ള നികുതി പിരിവിലും ഉദ്ദേശിച്ച ലക്ഷ്യം കൈവരിക്കാൻ സാധിച്ചിട്ടില്ല. എണ്ണ കമ്പനികളിൽ നിന്നും സാധാരണ 20 ശതമാനത്തോളം വർദ്ധനവ് രേഖപ്പെടുത്തിയിരുന്ന സ്ഥാനത്ത് 2015 മാർച്ച് 31 വരെ 8 ശതമാനം വളർച്ചയാണ് രേഖപ്പെടുത്തിയത്. സ്വർണ്ണത്തിന്റെ നികുതി - കോമ്പൗണ്ടിംഗ് നിരക്ക് 125% ൽ നിന്ന് 115% മായി കുറച്ചതും അരി, ഗോതമ്പ്, മൈദ എന്നിവയെ നികുതിയിൽ നിന്ന് ഒഴിവാക്കിയതും ചിക്കന്റെ നികുതിയിനത്തിൽ ഉണ്ടായ കുറവും ബാർഹോട്ടലുകൾ അടച്ചതും ബിവറേജസ് കോർപ്പറേഷന്റെ വരുമാനത്തിൽ വന്ന കുറവും, വർക്ക്സ് കോൺട്രാക്ടിന്റെ പിരിവിൽ വന്ന കുറവും നികുതി വരുമാനത്തിന്റെ വളർച്ചാനിരക്കിൽ കുറവ് സംഭവിക്കാൻ കാരണമായി.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മോട്ടോർ വാഹന വകുപ്പിൽ 4 തവണ നികുതി വർദ്ധനവ് വരുത്തിയിട്ടുണ്ട്.

രജിസ്റ്റർ ചെയ്യുന്ന പുതിയ വാഹനങ്ങളുടെ എണ്ണത്തിൽ വന്ന കുറവ് വരുമാന വർദ്ധനവിൽ കുറവുണ്ടാകാൻ കാരണമായി.

(ഡി) ഇ-ഫയലിംഗ്, ഇ-പേയ്മെന്റ്, അഴിമതിരഹിത ചെക്ക്പോസ്റ്റുകൾ തുടങ്ങിയവ വഴി സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾക്കുതകുംവിധം നികുതി പിരിവ് പരമാവധി കാര്യക്ഷമമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പത്താം ശമ്പള പരിഷ്കരണം

87 (3596) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സംസ്ഥാന ജീവനക്കാർക്കും അദ്ധ്യാപകർക്കും പെൻഷൻകാർക്കുമുള്ള പത്താം ശമ്പള പരിഷ്കരണത്തിന്റെ ഒന്നാംഘട്ട റിപ്പോർട്ട് 2015 ജൂലൈ 13-ന് സമർപ്പിച്ചിട്ട് മാസങ്ങൾ പിന്നിട്ട് കഴിയുകയും രണ്ടാം ഘട്ടം കമ്മീഷന്റെ പരിഗണനയിലുമിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ഈ കാലാവധിക്കുള്ളിൽ പത്താം ശമ്പള പരിഷ്കരണ ഉത്തരവ് പുറപ്പെടുവിക്കുമോ;

(ബി) പ്രസ്തുത ശമ്പളപരിഷ്കരണത്തിന്റെ ഒരു മാസത്തെ തുകയെങ്കിലും ജീവനക്കാർക്ക് നൽകുമോ അതോ തുടർന്നുവരുന്ന സർക്കാർ നൽകട്ടെ എന്നുള്ളതാണോ സമീപനം; വിശദവിവരം നൽകുമോ;

(സി) പത്താം ശമ്പള പരിഷ്കരണ ഉത്തരവ് എന്ന് പുറത്തിറക്കും; വിശദവിവരം നൽകുമോ?

GPM. 2/235/2020-22

LIBRARY ARCHIVES Kerala Legislative Assembly